



# ആത്മസൗഹൃദം

രാവിലെ തന്നെ അപ്രതീക്ഷിതമായ ഒരു വിളികേട്ടാണ് സേതു എഴുന്നേറ്റത്. ആരാണാവോ എന്ന മട്ടിൽ വാതിൽ തുറന്ന് നോക്കിയപ്പോൾ അതാ! കുട്ടിക്കാലത്ത് തന്നോടൊപ്പം കളിച്ചു നടന്നിരുന്ന ബാലു.

സേതുവിന് ഇത്രപെട്ടെന്ന് തന്നെ മനസ്സിലാകുമെന്ന് ബാലു വിചാരിച്ചില്ല. പത്ത് വർഷത്തിന് ശേഷം കാണുന്നതാണ്. പത്താം ക്ലാസ് കഴിഞ്ഞ് ബാലു കൽക്കത്തയിലേക്ക് പോയപ്പോൾ സേതു അച്ഛനോടൊപ്പം പാടത്തേക്കിറങ്ങി.

രണ്ടുപേർക്കും നല്ല മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. തമ്മിൽ വിശേഷങ്ങളെല്ലാം ചോദിച്ചറിഞ്ഞു.

കൽക്കത്തയിലായിരിക്കുമ്പോൾ അച്ഛന് പെട്ടെന്നൊരു നെഞ്ചുവേദന വന്നതിനെ തുടർന്ന് ബാലു



ദിയ ഫാത്തിമ, ക്ലാസ്- 2
അൽ- മദ്രസത്തുൽ മനാർ
ഈരാറ്റുപേട്ട



മുഹമ്മദ് അഫ്സൽ എസ്
ക്ലാസ്- 7
എൽ യു.പി.എസ്, പുന്നപ്ര

നാട്ടിലേക്ക് തിരിച്ചു. അധികം കഴിയും മുമ്പേ അച്ചൻ മരിച്ചു. കുടുംബം പുലർത്തേണ്ട ബാധ്യത അവനായി. പഠനത്തിന് തടസ്സം പറ്റി...

സേതുവിന് മിണ്ടാൻ പറ്റിയില്ല. നന്നായി പഠിച്ചിരുന്നവൻ. ഉന്നത വിദ്യാഭ്യാസം നേടാൻ പ്രാപ്തനായവൻ. ഇങ്ങിനെയൊക്കെ സംഭവിച്ചു എന്ന് കേട്ടപ്പോൾ അവന്റെ മനസ്സ് വേദനിച്ചു.

ബാലുവിനെ ആശ്വസിപ്പിച്ചുകൊണ്ട് സേതു തന്റെ പക്കലുണ്ടായ ചെറിയ തുക അവന് കൊടുത്തു.

ബാലുവിന് സന്തോഷവും അത്ഭുതവും അടക്കാനായില്ല. താൻ വിചാരിക്കാതിരുന്നതാണിത്. വിദ്യാലയത്തിനകത്ത് എത്ര വലിയ കൂട്ടുകാരായിരുന്നാലും പുറത്ത് ആ ഒരടുപ്പം ഇക്കാലത്ത് ഉണ്ടാവാറില്ല. ആപത്തുകളിലും കൂടെയുണ്ടാവുന്നതാണ് ആത്മാർഥ സൗഹൃദമെന്നും അവൻ തിരിച്ചറിഞ്ഞു.

വാസില ജഹാൻ
ക്ലാസ്- 9
അൽ അസ്ഹർ സെൻട്രൽ സ്കൂൾ,
മാള.

# മഴവില്ല്

**അ**മ്മുവും അച്ചുവും മണ്ണിൽ അപ്പം ചുട്ട് കളിക്കുകയായിരുന്നു. അപ്പോഴാണ് നല്ല മഴ പെയ്തത്. അച്ചുവിന്റെ അമ്മ അകത്ത് കയറാൻ പറഞ്ഞു. അവർ രണ്ടു പേരും അകത്തു കയറി. മഴയെക്കുറിച്ച് അവർ കുറേ സംസാരിച്ചു. നമുക്ക് മഴവെള്ളം ശേഖരിച്ചാലോ? അവർ പറഞ്ഞു.

അവർ രണ്ടു പാത്രമെടുത്തു. ഒരു പാത്രം മഴയത്തു വച്ചു. അത് നിറഞ്ഞപ്പോൾ മറ്റൊരു പാത്രം എടുത്തു വച്ചു. അതും നിറഞ്ഞു. മഴ മാറി വെയിൽ തെളിഞ്ഞു. രണ്ടു പാത്രവും വെയിലത്ത് വച്ചു. അച്ചുവിന്റെ അമ്മ ചോദിച്ചു: നിങ്ങൾ അതിൽ മഴവില്ലു കാണാൻ പോ കയാണോ? അച്ചു പറഞ്ഞു "അതെ അമ്മെ".

അമ്മുവിനെ വീട്ടിലേക്ക് കൊണ്ടുപോകാൻ അമ്മ വന്നു. അമ്മു അച്ചുവിന്റെ അമ്മയോടും വിട പറഞ്ഞുകൊണ്ട് വീട്ടിൽനിന്നും ഇറങ്ങി.



നബ്ഹാൻ ഇ.എൻ, ക്ലാസ്- 1, ഹിറ പബ്ലിക് സ്കൂൾ കീഴ് പറമ്പ്

അച്ചുവും അച്ചുവിന്റെ അമ്മയും വീട്ടുപടിക്കൽവരെ വന്നു യാത്രയ യച്ചു. രണ്ടു റ്റാറ്റ കൊടുത്ത് വീടിന കത്തേക്ക് കയറി.

ആത്വിഫ സുരയ്യ എം.എസ്
ക്ലാസ്- 3
എ.എം.യു.പി.എസ്
കൂരിക്കുഴി

# രാമു പഠിച്ച പാഠം

ഒരു ദിവസം രാമു ചോദിച്ചു. അമ്മേ ഞാൻ കുളത്തിൽ നീന്താൻ പോകട്ടെ. അമ്മ പറഞ്ഞു: ''വേണ്ട വേണ്ട''. അവൻ അമ്മയോട് ചോ ദിച്ചു: ''ഞാൻ കുളത്തിലേക്ക് നീ ന്താൻ പോകട്ടെ എന്ന് ചോദിച്ചാൽ എന്ത് കൊണ്ടാണ് അമ്മ വേണ്ട എന്ന് പറയുന്നത്.'' അപ്പോൾ അമ്മ പറഞ്ഞു: ''ആ കുളത്തിൽ രണ്ട് പേർ മുങ്ങി മരിച്ചിട്ടുണ്ട്''.

പക്ഷേ, ഒരു ദിവസം രാമു അമ്മ പറഞ്ഞത് ഓർക്കാതെയും അമ്മ യോട് ചോദിക്കാതെയും കുളത്തി ലേക്ക് പോയി. അവൻ കുളത്തിനടു ത്ത് എത്തിയതും അതിലേക്ക് എടു ത്തു ചാടി. ബ്ലും... കുളത്തിലുള്ള പാറക്കല്ലിൽ തലയിടിച്ച് ചോര വന്നു. അവന്റെ കരച്ചിൽ കേട്ട് ആ ളുകൾ ഓടി വന്നു. അവർ അവനെ ആശുപത്രിയിൽ എത്തിച്ചു. വീട്ടു കാർ വിവരം അറിഞ്ഞു. അമ്മ കര ച്ചിലായി.

ഇപ്പോഴാണ് അവന് അമ്മ പറഞ്ഞത് അനുസരിക്കാത്തതിന്റെ ദോഷം മനസ്സിലായത്. ഇനി മുതൽ ഞാൻ അമ്മ പറയുന്നത് അനുസ രിക്കും എന്ന് അവൻ പ്രതിജ്ഞ എടുത്തു.

നബീൽ, ക്ലാസ്- 6
ചാലിശേരി ഗവ.യു.പി സ്കൂൾ



ശ്രീലക്ഷ്മി കെ.എസ്, ക്ലാസ്- 6, ജി.എഫ്.യു.പി സ്കൂൾ

# ചാച്ചാജി

കുഞ്ഞുങ്ങൾക്കായ്
സ്നേഹം ചൊരിയാൻ
കുഞ്ഞുങ്ങളുടെ ചാച്ചാജി
സ്വാതന്ത്ര്യത്തിൻ സേനാനി

ജുബ്ബയിൽ നല്ലൊരു
റോസാപ്പൂവും
തലയിൽ വെള്ള-
ത്തൊപ്പിയുമായ്

ചുണ്ടിൽ വിടർന്ന
പുഞ്ചിരിയും
മനസ്സിൽ നിറയെ
സ്നേഹവുമായ്

നിൽപ്പൂ നമ്മുടെ
നെഹ്റുജി
കുഞ്ഞുങ്ങളുടെ
ചാച്ചാജി

ചാച്ചാജിയുടെ
ജന്മദിനം
ശിശുദിനമാണാ
ശുഭസുദിനം

ഫാത്തിമ ഫിദ കെ
ക്ലാസ്- 6
ഇർശാദ് ഹൈസ്കൂൾ
ചങ്ങലീരി, മണ്ണാർക്കാട്

അനുഭവം

# ചെരിപ്പ്

നമ്മുടെ രാജ്യത്ത് എത്ര മനുഷ്യരുണ്ട്. ആ മനുഷ്യരെല്ലാം ഉപയോഗിക്കുന്ന ഒരു സാധനമാണ് ചെരിപ്പ്. അത് ഏറ്റവും ഉപയാഗപ്രദമായ ഒരു സാധനമാണ്. എത്ര നന്ദിയാണ് നാം ചെരിപ്പിനോട് പറയേണ്ടത്. ഇപ്പോൾ നമുക്ക് ഒരു വിലയും തോന്നില്ല. ഞാൻ ഒരു സംഭവം പറഞ്ഞുതരാം.

നിങ്ങൾ സ്കൂൾ വിട്ട് വരുമ്പോൾ നിങ്ങളുടെ ചെരിപ്പ് പൊട്ടി. വീട്ടിലേക്ക് നല്ലദൂരവുമുണ്ട് നടക്കാൻ. നിങ്ങൾക്കിനി നടക്കാൻ കഴിയുമോ? ഇല്ല. അയ്യോ... നടക്കാൻ കഴിയാതെ നിങ്ങൾ എങ്ങനെ വീട്ടിലെത്തും?

ഈ സംഭവത്തിൽ ചെരുപ്പിന്റെ വില മനസ്സിലാവും. ഇങ്ങനെ ഒരു കാര്യമുണ്ട്. ഞാൻ ഒരിക്കൽ സ്



ഹിബാൻ ജാഫർ ടി, ക്ലാസ്- 2
എ.യു.പി. സ്കൂൾ
കുന്നുമ്മൽ മലപ്പുറം

കൂൾ വിട്ടുവരുമ്പോൾ എന്റെ ചെരിപ്പ് പൊട്ടി. പക്ഷേ പരിചയം ഉള്ള രണ്ട് സുഹൃത്തുക്കൾ ഉണ്ടായിരുന്നു. ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട എന്നൊരു ചൊല്ല് ഉണ്ടല്ലോ. എന്നാൽ, ആ സുഹൃത്തുക്കൾ അങ്ങനെയായിരുന്നില്ല. എന്നെ അവിടെ തനിച്ചാക്കി അവർ സ്ഥലംവിട്ടു.



ശ്രീലക്ഷ്മി കെ.എസ്, ക്ലാസ്- 5
ജി.എഫ.യു.പി സ്കൂൾ
വാടാനപ്പള്ളി

ആ സമയമാണ് എനിക്ക് ചെരിപ്പിന്റെ വില മനസ്സിലായത്. ഞാൻ ചെരിപ്പിൽ പിന്ന് വെച്ച് അത് ശരിയാക്കി. പക്ഷേ കാലിൽ പിന്ന് തുളച്ച് കയറി. വേദനയും കണ്ണുനീരും വന്നു.

ഞാൻ കുറച്ച് നേരം നടന്നു. അവിടെ അടുത്തുള്ള ഒരു വീട്ടിൽ കയറി. ഞാൻ വീട്ടുകാരോട് എന്റെ വീട്ടിലേക്ക് ഒന്ന് ഫോൺ വിളിക്കാമോ എന്ന് ചോദിച്ചു. മഴ കാരണം ലൈനുകൾ കേടായിരുന്നു. അത് കൊണ്ട് അതിന് കഴിഞ്ഞില്ല. അവർ എന്നോട് പറഞ്ഞു. ''മോളേ ഇവിടെ നിന്ന് ഒരു ചെരിപ്പിട്ട് നീ പോയ്ക്കോളൂ... നാളെ സ്കൂളിൽ വരുമ്പോൾ തിരികെ വെച്ചാൽ മതി''. ഞാൻ നടക്കുമ്പോൾ ആലോചിച്ചു. മുൻ പരിചയം പോലും ഇല്ലാത്തവരാണ് എന്നെ സഹായിച്ചത്.

നമിയ ഹക്കിം
കസ്തൂർബ പബ്ലിക് സ്കൂൾ
വളപട്ടണം, കണ്ണൂർ



റിഫ ബി, ക്ലാസ്- യു.കെ.ജി, സെന്റ് മേരി ഹൈസ്കൂൾ ,പയ്യന്നൂർ



ഹിബ ബി, ക്ലാസ്- 5
സെന്റ് മേരി ഹൈസ്കൂൾ
പയ്യന്നൂർ



മുഹമ്മദ് അഫ്നാൻ സി.പി, ക്ലാസ്- 6
മദ്രസത്തുൽ ഫലാഹ്
വെസ്റ്റ് വട്ടക്കിണർ, കോഴിക്കോട്




# അനുഭവമെഴുത്ത്

സാഹിത്യ രചനക്ക് ഏതു നിസ്സാര കാര്യവും വിഷയമായ് സ്വീകരിക്കാം. നമ്മുടെ നിത്യ ജീവിതത്തിലെ കൊച്ചു സംഭവങ്ങളും വേണമെങ്കിൽ തിരഞ്ഞെടുക്കാം...

ഇനി കഥ, കവിത എന്നിങ്ങനെയുള്ള സാഹിത്യ രൂപങ്ങളിലൂടെയല്ലാതെയും പച്ചയായ അനുഭവങ്ങൾ നമുക്ക് എഴുതാം. അനുഭവമെഴുത്ത് എന്ന പേരിലുള്ള രചനകൾ ആഴ്ചപതിപ്പുകളിലും മാസികകളിലും നിങ്ങൾ കാണാറില്ലേ?

അനുഭവമെഴുത്തിന് ഈ കാലത്ത് വലിയ പ്രസക്തിയുണ്ട് ഒരാൾ അയാളുടെ അനുഭവമെഴുതുമ്പോൾ വായനക്കാർക്ക് കഥയും കവിതയും വായിക്കുന്നതിനേക്കാളും അത്തരം രചനകളിൽ വിശ്വാസ്യതയും ആത്മാർത്ഥയും അനുഭവപ്പെടും. അതാണ് അനുഭവമെഴുത്തിന്റെ മികവ്.

ഹമിയ ഹക്കിം എഴുതിയ 'ചെരുപ്പ്' എന്ന അനുഭവക്കുറിപ്പ് ആ കൂട്ടുകാരിയുടെ ജീവിതങ്ങളിൽ സംഭവിച്ച ഒരു ചെറിയ കാര്യത്തെക്കുറിച്ചാണെങ്കിലും അത് മുന്നോട്ട് പോകുന്തോറും നമ്മൾ ഇതുവരെ കാണാത്ത എത്ര എത്ര സത്യങ്ങളാണ് വെളിവാകുന്നത്.

പൂമൊട്ടിലെ മറ്റ് രചനകളും നന്ന്

സസ്നേഹം

മാഷ്